**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 121** **05-12-2022 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചെറുപുഴ പോലീസ് സ്റ്റേഷന് സ്ഥലം കണ്ടെത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (എ) | ചെറുപുഴ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പയ്യന്നൂർ പുളിങ്ങോം റോഡിൽ ചെറുപുഴ ചെറിയ പാലത്തിന് തെക്ക് ഭാഗത്തായി ചെറുപുഴ ടൗണിൽ നിന്നും ഏറെ ദൂരെയല്ലാതെ പുഴയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന സർവ്വേ നം.407ൽ ഉൾപ്പെടുന്ന 50 സെന്റ് പുറംമ്പോക്ക് ഭൂമി കണ്ടെത്തിയെങ്കിലും വിശദമായ പരിശോധനയിൽ പ്രസ്തുത ഭൂമി പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമല്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും ഈ ഭൂമി പുറമ്പോക്കിൽ ഉൾപ്പെട്ടതായതിനാൽ സംസ്ഥാന ദുരന്ത നിവാരണ നിയമമനുസരിച്ച് അനുവദിക്കാൻ കഴിയില്ല എന്ന് പയ്യന്നൂർ തഹസിൽദാർ അറിയിച്ചിട്ടുള്ളതുമാണ്.<br>ചെറുപുഴ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനായി ചെറുപുഴ പഞ്ചായത്ത് സെക്രട്ടറിക്ക് 05.08.2022 ൽ സംസ്ഥാന പോലീസ് മേധാവി അപേക്ഷ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ചെറുപുഴ ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലുള്ളതും ചെറുപുഴ പോലീസ് സ്റ്റേഷനും, കൃഷി ഭവനും, മൃഗാശുപത്രിയും പ്രവർത്തിച്ചു വരുന്നതുമായ സ്ഥലം ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് ചെറുപുഴ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും, കൃഷി ഭവനും, മൃഗാശുപത്രിയും മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയാൽ നിലവിലുള്ള സ്ഥലം സർക്കാർ അനുമതി ലഭ്യമാകുന്ന മുറക്ക് കൈമാറാമെന്നും ചെറുപുഴ പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ ചെറുപുഴ പോലീസ് സ്റ്റേഷന് സ്വന്തമായി ഭൂമി കണ്ടെത്തുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | വേഗത കൂട്ടുന്നതിനായി പയ്യന്നൂർ സബ് ഡിവിഷൻ തലത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ